
2010
ഒക്ടോബർ
122

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക





കാണെക്കാണെ
കാണാതായ
വണ്ണാത്തിപ്പുള്ളുകൾ




കോംപ്ലാൻ ബോയ്‌യും
ഗേളും വായിച്ചറിയാൻ

പ്രതികരണം

ലിമാ ന്യൂസ്ഡസ്ക്

# മേൽപ്പാലങ്ങൾ



കോമ്മൺ വെൽത്ത് ഗെയിംസ് നഗരിക്കടുത്ത് പണിത മേൽപ്പാലം തകർന്നു വീണതും ദിവസങ്ങൾക്കകം പുതുക്കിപ്പണിതതും വാർത്തയായി. സൈനികർ വളരെ വേഗം തകർന്ന പാലം പുതുക്കിനിർമ്മിച്ചു. അപകടം പിടിച്ച തോണിയാത്രകൾ ഇപ്പോഴും നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ സഞ്ചാരത്തിനുള്ള ഉപാധിയാണ്. നടന്നു നീങ്ങാൻ തന്നെ പ്രയാസമുള്ള റോഡുകൾ നാടിന്റെ മുഖമുദ്രതന്നെയായി അവശേഷിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാതെ ഗ്രാമീണ സമൂഹം കഷ്ടപ്പെടുമ്പോൾ കോടികളും, വലിയ മനുഷ്യ പ്രയത്നവും ധൂർത്ത് ചെയ്ത് നിർമ്മിക്കുന്ന മേൽപ്പാലങ്ങൾ നോക്കി നെടുവീർപ്പിടുന്നവർ അങ്ങ് ഡൽഹിയിലെ ചേരികളിൽ ധാരാളമുണ്ട്. കോടികൾ ചെലവിട്ട് ലോകരാജ്യങ്ങളുടെ മുമ്പിൽ സൽപ്പേരുണ്ടാക്കുന്നതിനിടയിൽ ഡൽഹിയിൽനിന്ന് നാടുകടത്തപ്പെട്ട ആയിരക്കണക്കിനുള്ള യാചകന്മാരെയും റിക്ഷാക്കാരെയും ചേരിനിവാസികളെയും ഓർമ്മിക്കുക.

നമ്മുടെ രാജ്യം വൈരുദ്ധ്യങ്ങളുടെ കൂടെ മഹാരാജ്യമായി എന്നെമാറികഴിഞ്ഞിരിക്കുന്നു.


2010

ഒക്ടോബർ

ലക്കം 122

ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ., മലപ്പുറം - 679334

Ph: 04931-231493, 232780

Mob: 9946428284, 9995264564

email:littlemasika@gmail.com

•

ചീഫ് എഡിറ്റർ

ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ

അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ

ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ

പി.എം. ജോൺ

പത്രാധിപ സമിതി

സതീഷ് ചളിപ്പാടം

മനോഹർ വർഗീസ്

ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്

ഹാരിസ് നെന്മേനി

കവർ ഫോട്ടോ

ബിജു മാത്യൂ ബത്തേരി

ടൈപ്പ് സെറ്റിംഗ്

ജസീല

ലേഔട്ട്

റസീസ് അഹമ്മദ്

പ്രിന്റിംഗ്

ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ

9895117614

•


നിലപാട്

സച്ചിദാനന്ദൻ



# ലിറ്റിൽ മാഗസിനുകളെ പറ്റി...


## എങ്ങനെയാണ് ഒരു ലിറ്റിൽ മാഗസിൻ മറ്റ് ആനുകാലികങ്ങളിൽ നിന്ന്, ബിഗ് മാഗസിനുകളിൽ നിന്ന് വ്യത്യസ്തമാകുന്നത്?

പ്രചാരത്തിന്റെ കുറവു കൊണ്ടു മാത്രമാണോ? കച്ചവടലക്ഷ്യങ്ങൾ ഇല്ലെന്നതുകൊണ്ടു മാത്രമാണോ? തീർച്ചയായും ലിറ്റിൽ മാഗസിനുകളുടെ ലക്ഷക്കണക്കിന് കോപ്പികൾ പ്രചരിക്കാറില്ല. അവയുടെ പ്രധാനലക്ഷ്യം വാണിജ്യപരവുമല്ല. കോപ്പികൾ വർദ്ധിപ്പിക്കാനായി അവ സെൻസേഷനലിസത്തിനു വഴിപ്പെടുകയോ വാണിഭതന്ത്രങ്ങൾ പ്രയോഗിക്കുകയോ പതിവില്ല. എന്നാൽ ഈ വൈശിഷ്ട്യങ്ങൾ കൊണ്ടു മാത്രം ഒരു പ്രസിദ്ധീകരണം ലിറ്റിൽ ആകുന്നില്ല. അതിനെ നിർവ്വചിക്കുന്നത് അതിന്റെ അവാങ്-ഗാദ് സ്വഭാവമാണ്: നിലനിൽക്കുന്ന, നെടുനായകത്വം നേടിയിട്ടുള്ള ആശയങ്ങളിൽ നിന്നും സങ്കൽപങ്ങളിൽ നിന്നും മുന്നോട്ട് സഞ്ചരിക്കുക, പലപ്പോഴും ചിരസമ്മതമെന്നു കരുതപ്പെടുന്ന ആ ധാരണകളെ ചോദ്യം ചെയ്യുക, ബദൽ ചിന്താരീതികൾ വികസിപ്പിക്കുക. ഏത് വ്യവഹാര മണ്ഡലത്തിലായാലും ഈ ധൈഷണികോർജ്ജവും വിചാരനവീനതയും കൊണ്ടാണ് ലിറ്റിൽ മാഗസിനുകൾ അവയുടെ സവിശേഷത അടയാളപ്പെടുത്തുന്നത്. പുതിയ ജീവിതരീതി, പുതിയ സിദ്ധാന്തം, പുതിയ കല, പുതിയ സൗന്ദര്യബോധം, ഭിന്ന വിജ്ഞാനമേഖലകളിൽ, സാമൂഹ്യപരിവർത്തന സങ്കൽപങ്ങളിൽ, വികസന ധാരണകളിൽ, ബദൽരീതികൾക്കും ബദൽ സമീപനങ്ങൾക്കുമായുള്ള അന്വേഷണം; ഇങ്ങനെ അധീശത്വ വിരുദ്ധമായ ഒരു പ്രതിബോധത്തെ സമാന മനസ്കരായ ഒരു ന്യൂനപക്ഷത്തിനകത്ത് പങ്കിടുകയും വികസിപ്പിക്കുകയുമാണ് ലിറ്റിൽ മാഗസിനുകൾ ചെയ്യുന്നത്.

*(കടപ്പാട്: വൈദ്യശസ്ത്രം മാസിക 2008 ജനുവരി)*


**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. കടപ്പാട് സൂചിപ്പിക്കണമെന്ന് മാത്രം.

ഷൗക്കത്ത്



# പറയാനെളുപ്പമായത് ജീവിക്കാനെളുപ്പമല്ല. ജീവിക്കാനെളുപ്പമായത് പറയാനും...

ജീവിതത്തെ തത്വദർശനങ്ങൾകൊണ്ട് സങ്കീർണ്ണമാക്കിയവരാണു നാം. മനുഷ്യന് സ്വഭാവാനുസൃതമായി മാത്രമെ ജീവിക്കാനാകൂ എന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ച് അപ്രായോഗികമായ ദർശനങ്ങൾ ജീവിതത്തിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത എവിടെയും സജീവമാണ്. ദാർശനികമായി ജീവിക്കാൻ ശ്രമിച്ച് കഷ്ടപ്പെടുന്നവരാണ് നമ്മിലധികവും. കുഞ്ഞിനെ വളർത്തുന്നതും ചിത്രം വരയ്ക്കുന്നതും വണ്ടിയോടിക്കുന്നതും എങ്ങനെയെന്ന് അനായാസമായി പറയാനാകുമെങ്കിലും ബോധപൂർവ്വം പ്രായോഗികമാക്കാൻ ശ്രമിക്കുമ്പോഴാണ് അതെത്ര പ്രയാസകരമാണെന്ന് അനുഭവിക്കുക. എന്നാൽ ഒരു അമ്മയോടോ ചിത്രകാരനോടോ ഡ്രൈവറോടോ അവരവരുടെ കൃത്യങ്ങളിൽ എങ്ങനെയാണ് ഇത്ര ലാഘവത്തോടെ കഴിയാനാകുന്നതെന്നു ചോദിച്ചാൽ കൃത്യമായ ഒരു മറുപടി തരാനാകാതെ അവർ മൗനമായിരിക്കുകയേയുള്ളൂ. സ്വാഭാവികമായി സംഭവിക്കുന്നതൊന്നും ബോധപൂർവ്വം നടപ്പിലാക്കാൻ കഴിയില്ല. എളുപ്പത്തിൽ ചെയ്യുന്നതെങ്ങനെയെന്നു പറയാൻ അത്ര എളുപ്പവുമല്ല.

# ഉറപ്പിച്ചു പറയുന്നതൊന്നും സത്യമല്ല

ഉറപ്പിച്ചു പറയുന്നിടത്തെല്ലാം ഉറപ്പില്ലായ്മയുണ്ട്. ഉള്ളിലുറപ്പില്ലാത്തതിനാലാണ് ഉറച്ചും ഉറപ്പിച്ചും പറയേണ്ടിവരുന്നത്. വെള്ളം കുടിച്ചാൽ ദാഹം മാറുമെന്ന് ആരെങ്കിലും ഉറപ്പിച്ചു പറയാൻ ശ്രമിച്ചാൽ അയാൾക്കെന്തോ കുഴപ്പമുണ്ടെന്നേ കരുതൂ. ആശയങ്ങളെ മുറുകെപ്പിടിച്ചു ജീവിക്കുന്നവർ ഘോരഘോരം പ്രഘോഷിക്കുന്നത് അതു സത്യമാണെന്ന് ഉറച്ച ബോധമില്ലാത്തതിനാലാണ്. സൂര്യൻ ഊർജം പകരുന്നുവെന്നതും ജീവൻ നിലനിർത്താൻ പ്രാണവായു നിർബന്ധമെന്നതും ഭക്ഷണം കഴിച്ചാൽ വിശപ്പടങ്ങുമെന്നതും നാം സ്വാഭാവികമായി അനുഭവിച്ചറിയുന്ന സത്യമാണ്. അതൊന്നും ആരും ഉറപ്പിച്ചു പറയാറില്ല. പറയേണ്ടതുമില്ല. സത്യത്തിൽ ജീവിക്കുന്നവർ സ്വയം ന്യായീകരിക്കാതെ മൗനം അവലംബിക്കുകയേയുള്ളൂ. കാലം സത്യത്തെ വെളിപ്പെടുത്തുമെന്ന് അവർക്കറിയാം. സത്യമായത് പ്രചരിപ്പിക്കേണ്ടതില്ല. അതു സ്വയം പ്രസരിച്ചുകൊള്ളും.

## നിലനില്പിന്റെ സന്ദേഹങ്ങൾ...

**ലിറ്റിൽ മാസിക വായനക്കാരോട് അടിവരയിട്ടുപറയുന്ന ഒരു കാര്യം ഇത് സാഹിത്യം മാത്രം കൈകാര്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണമല്ല എന്നതാണ്.**

"മൂലധനത്തിന്റെ നിർബന്ധങ്ങളും ലാഭത്തിന്റെ പ്രലോഭനങ്ങളുമില്ലാതെ ഒരു പ്രസിദ്ധീകരണം മാധ്യമ അരാജകത്വത്തിന്റെ ഈ കാലത്ത് നിലനിൽക്കേണ്ടതു തന്നെയാണ്."

കണ്ണൂരിൽനിന്നുള്ള ഒരു ലിറ്റിൽ മാസിക സുഹൃത്ത് എഴുതിയതാണിത്. ഒരു ലിറ്റിൽ മാഗസിനായി നിലനിൽക്കുന്നത് ഈ കാലത്ത് ദുഷ്കരമായൊരു കാര്യമാണ്. ഒരു പ്രസിദ്ധീകരണത്തെ നിലനിർത്തുന്നതും പ്രസക്തമാക്കുന്നതും അതിന്റെ നിലപാടുകളാണ്. അത്തരം ചില നിലപാടുകൾ മാസികാ പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലും വെച്ചുപുലർത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ നിലപാടുകളുടെ ഭാഗമായിത്തന്നെയാണ് പലപ്പോഴും പരസ്യങ്ങളുടെ പിന്തുണ വേണ്ടെന്നു വെയ്ക്കുന്നത്. അതുകൊണ്ട് വരിസംഖ്യയെ മാത്രം ആശ്രയിച്ച് നിലനിന്നുപോരാൻ ആവുംവിധം ശ്രമിക്കുന്നു.

ലിറ്റിൽ മാസിക നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി, മാസികയിലൂടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും മുന്നോട്ടു വെയ്ക്കുന്ന ആശയഗതികളോട് സംവാദാത്മകമായി ഇടപെടുന്നതിനു പകരം കഥ, കവിത തുടങ്ങിയ സാഹിത്യ രചനകൾ മാത്രം അയയ്ക്കുന്ന വായനക്കാരാണ്. ലിറ്റിൽ മാസിക വായനക്കാരോട് അടിവരയിട്ടുപറയുന്ന ഒരു കാര്യം ഇത് സാഹിത്യം മാത്രം കൈകാര്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണമല്ല എന്നതാണ്. ചെറുതെങ്കിലും പ്രസക്തമായ നിലപാടുകൾ മുന്നോട്ടു വെയ്ക്കുന്നതിനോടുള്ള സർഗാത്മക പ്രതികരണങ്ങളും നിർദേശങ്ങളും മാസിക പ്രതീക്ഷിക്കുന്നു.

**വരിസംഖ്യ (16 ലക്കം 100 രൂപ) അയച്ചുതന്നും സുഹൃത്തുക്കളെ പരിചയപ്പെടുത്തിയും സഹായിക്കുക.**

-ലിറ്റിൽ മാസിക പ്രവർത്തകർ

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ
മലപ്പുറം ജില്ല
പിൻ: 679 334

**കവർ സ്റ്റോറി**

**എസ്. ശാന്തി**

**നഗരത്തിലെ ജീവശൃംഖലകളിൽ സാന്ദ്രീകരിക്കുന്ന മാരകവിഷങ്ങൾ വണ്ണാത്തികളെയും തുന്നാരൻമാരെയും മാത്രമല്ല, പ്രതിരോധശക്തിയും ആരോഗ്യവുമുള്ള കുഞ്ഞുങ്ങളെയും ഇല്ലാതാക്കിയിരിക്കുന്നു. റേച്ചൽ കാഴ്സന്റെ നാളേയ്ക്കുള്ള സാരോപദേശകഥ നമ്മുടെ നാട്ടിൽ എത്ര പെട്ടെന്നാണ് യാഥാർത്ഥ്യമായിരിക്കുന്നത്!**



ഫോട്ടോ: ഹസ്സൻ മമ്പാട്

# കാണെക്കാണെ കാണാതായ വണ്ണാത്തിപ്പുള്ളുകൾ

ജൂലായ് ലക്കം ലിറ്റിൽ മാസികയിൽ വണ്ണാത്തിപ്പുള്ളിന്റെ അപ്രത്യക്ഷമാവലിനെ കുറിച്ച് വായിച്ചു. നമ്മുടെ നാട്ടിൽ വന്യജീവനെ നേരിട്ടറിയാൻ മുറ്റത്തിറങ്ങുന്ന ഏതു കുട്ടിയേയും എല്ലായിടത്തും ആകർഷിച്ചിരുന്ന വണ്ണാത്തിപ്പുള്ളുകൾ എന്നാണ് അപ്രത്യക്ഷരായത്? തിരുവനന്തപുരം നഗരത്തിന്റെ കാര്യം പറഞ്ഞാൽ കൃത്യം രണ്ടു വർഷം മുമ്പാണ് ഞാനവരെ പെട്ടെന്ന് മിസ്സ് ചെയ്യാനും അവരുടെ പ്രഭാതഗീതവും സായംകാല കൂടണയൽ ചിലപ്പുകളും കേൾക്കാനില്ലല്ലോ എന്ന് ആകുലപ്പെടാനും തുടങ്ങിയത്.

ഞങ്ങളുടെ പഴയ വാടകവീടിന്റെ മുറ്റത്ത് താനെ വളർന്ന കുഞ്ഞുകാവിലെ പരന്ന ചട്ടിയിൽ വേനൽക്കാലത്തും മഴയത്തുമൊക്കെ കുളിക്കാനെത്തിയിരുന്ന കിളികളിൽ നിത്യരായിരുന്നു വണ്ണാത്തി ദമ്പതികൾ. ബുൾബുളുകളും മൈനകളും തുന്നാരൻമാരും ഉപ്പനും ഓലേഞ്ഞാലിയുമെല്ലാം ആ കാവിലെ സന്ദർശകരായിരുന്നു. എങ്കിലും വണ്ണാത്തികളും ബുൾബുളുകളുമായിരുന്നു സ്ഥിരം തുടിച്ചുകുളിക്കാർ. ആ മുറ്റത്തു തന്നെ കൂടു കൂട്ടുകയും കുഞ്ഞുങ്ങളെ കുളി പഠിപ്പിക്കുകയും ചെയ്ത എത്രയെത്ര തലമുറകളായിരിക്കാം ഞങ്ങളവിടെ പാർത്ത 16 വർഷങ്ങളിൽ ആ കാവിൻ തണലിൽ വന്നുപോയിട്ടുണ്ടാവുക!

ഈയടുത്ത കാലം വരെ നഗരത്തിൽ എവിടെ നടന്നാലും, പ്രത്യേകിച്ച് പ്രഭാത സമയത്തും മഴ തോർന്ന നേരത്തും, മരങ്ങളുടെ തുന്നാംതുമ്പിലിരുന്ന് വണ്ണാത്തികൾ പാടുന്നത് കേൾക്കാമായിരുന്നു. നഗരനടത്തത്തിന്റെ വിരസതയെ മധുരമായ് സംഗീതമയമാക്കുന്ന ഇന്ദ്രജാലമായിരുന്നു എന്നെ പിൻതുടർന്ന വണ്ണാത്തിപ്പുള്ളുവൻ പാട്ടുകൾ. പൂമുഖം അഴിയിട്ടടച്ച മുത്തശ്ശന്റെ മുറിയിലേക്ക് സ്ഥിരം ബിസ്കറ്റ് തിന്നാൻ വരുന്ന, മരപ്പൊത്തിൽ വിരിഞ്ഞിറങ്ങി ആദ്യപറക്കലിൽ വീട്ടിനുള്ളിലേക്ക് വന്ന, മുളക്കൂട്ടത്തിൽ ഉച്ചനേരത്ത് വളരെ നേർത്ത സ്വരത്തിൽ ഉദാസീനമായ് വിസിലടിച്ച് വിശറിവാൽ വിടർത്തുന്ന, അടുക്കളയ്ക്ക് പുറത്തെ മതിലിൽ ചാടിച്ചാടി നടന്നെന്നെ ഒളികണ്ണിട്ടു നോക്കി ചിരിപ്പിക്കുന്ന..... വണ്ണാത്തികൾ എത്ര പൊടുന്നനെയാണ് അപ്രത്യക്ഷരായത്!

എത്ര പെട്ടെന്നാണ് വൻമരങ്ങൾ നിറഞ്ഞ തണൽ വിരിച്ച ഈ കൊച്ചുപട്ടണം മരങ്ങൾ മുറിഞ്ഞുവീഴുന്ന, റോസ് ഫണ്ടു ബോർഡു കാരുടെ മാത്രം കളിക്കളമായത്! ആദ്യം കുടിയിറക്കപ്പെട്ടത് വഴിയോരത്തെ തട്ടുകടക്കാരും ചെരിപ്പുകുത്തികളും കുടനന്നാക്കികളും പെട്ടിക്കടക്കാരുമായിരുന്നു. പിന്നീടാവട്ടെ തണൽ വിരിച്ച വഴിയോര തണൽമരങ്ങളും നടപ്പാതകളുടെ സുരക്ഷിതത്വവുമാണ് വേരു പറിഞ്ഞുവീണത്. വീതി കൂടിയ ഇന്നത്തെ നാലുവരിപ്പാതകളുടെ ഇരുവശങ്ങളിലെ രണ്ടു പാതകൾ പെട്ടെന്നു വണ്ടികൾ പാർക്കു ചെയ്യാനുള്ള സ്ഥലമായി മാറി! എവിടെ നിന്നാണിത്രയും കാറുകൾ പ്രത്യക്ഷപ്പെട്ടത്? ഇവയൊക്കെ പാർക്ക് ചെയ്യാൻ ഉടമസ്ഥർക്ക് ഈ പൊതുനിരത്തേയുള്ളോ? ആരും ചോദിക്കുന്നില്ല.

എവിടെ നിന്നാണാവോ ഇതിനിടയിൽ തന്നെ ചിക്കൻഗുനിയയും ഡെങ്കുവും എലിപ്പനിയുമൊക്കെ ആശുപത്രികളിൽ ആൾത്തിരക്കുണ്ടാക്കി വന്നു കയറിയത്? കൊതുകിനെ കൊല്ലാനെന്ന പേരിൽ രാവും പകലുമെന്നില്ലാതെ ഫോഗിംഗ് പീരങ്കികൾ പാരകറ്റും ഫോറേറ്റും പോലുള്ള രാസവിഷങ്ങളുടെ കട്ടിപ്പുകയിൽ നഗരത്തെ മൂടാൻ ആരൊക്കെയോ ഇതിനിടയിൽ തീരുമാനമെടുത്തു. 1990-കളിൽ ഈ മാരക രാസബോംബിംഗിനെതിരെ അന്നത്തെ കലക്ടറെ സമീപിച്ചത് ഓർമ്മയുണ്ട്. നഗരസഭാ ജീവനക്കാർ വീടുകൾ കയറിയിറങ്ങി ചിരട്ട കമഴ്ത്താനും ഡ്രെയിനേജിൽ കീടനാശിനി തളിക്കാനും ഉദ്ഘോഷിക്കുന്നുണ്ട്. പക്ഷേ വയലുകളും ചതുപ്പുകളും തോടുകളും കുന്നുകളും മൂടി വളരുന്ന ഭീമൻ മാളികകളുടെയും ഫ്ളാറ്റ് സമുച്ചയങ്ങളുടെയും സ്വീവേജ്-ഡ്രെയിനേജ് വ്യവസ്ഥകളും സെപ്റ്റിക് ടാങ്കുകളും മാലിന്യക്കൂമ്പാരങ്ങളും കൊതുകുകളുടെയും പാറ്റകളുടെയും എലികളുടെയും പ്രജനന കേന്ദ്രങ്ങളാണ്. കൊതുകിനെയല്ല, അവയെ നിയന്ത്രിക്കുന്ന തവളകളെയും തുമ്പികളെയും മറ്റുമാണ് കീടനാശിനി ഉന്മൂലനാശം ചെയ്യുന്നത്. കൊതുകിന്റെ എണ്ണവും കീടനാശിനിയോടുള്ള പ്രതിരോധ ശക്തിയും ക്രമാതീതമായി വർദ്ധിച്ച് അവ സൂപ്പർ കീട ങ്ങളായിക്കഴിഞ്ഞു. നഗരത്തിലെ ജീവശൃംഖലകളിൽ സാന്ദ്രീകരിക്കുന്ന മാരകവിഷങ്ങൾ വണ്ണാത്തികളെയും തുന്നാരൻമാരെയും മാത്രമല്ല, പ്രതിരോധശക്തിയും ആരോഗ്യവുമുള്ള കുഞ്ഞുങ്ങളെയും ഇല്ലാതാക്കിയിരിക്കുന്നു. റേച്ചൽ കാഴ്സന്റെ നാളേയ്ക്കുള്ള സാരോപദേശകഥ നമ്മുടെ നാട്ടിൽ എത്ര പെട്ടെന്നാണ് യാഥാർത്ഥ്യമായിരിക്കുന്നത്!

നഗരവികസനത്തിന്റെ ഈ ആസുരകാലത്ത് ഞങ്ങൾക്കും

എം. ഋജു

**കുഞ്ഞുങ്ങളെ എന്ത് തീറ്റിക്കണമെന്നും എന്ത് കുടിപ്പിക്കണമെന്നും അറിയാതെ നെട്ടോട്ടമോടുന്നവർ ഏറെയുള്ള കേരളത്തിലും കോംപ്ലാൻ വഞ്ചന ചർച്ചയായില്ല. ബേബി ഫുഡുകളുടെയും ഹെൽത്ത് ഡ്രിങ്കുകളുടെയും ഏറ്റവം വലിയ വിപണിയായ കേരളത്തിൽ ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തു നടപടിയാണ് അധികൃതർ സ്വീകരിച്ചത്...?**



# കോംപ്ലാൻ ബോയ്‌യും ഗേളും വായിച്ചറിയാൻ

രണ്ടിരട്ടി വേഗത്തിൽ വലുതായിക്കിട്ടാൻ കണ്ടിടത്തൊക്കെ തൂങ്ങിയും പോഷണപാനീയമെന്ന് പറഞ്ഞ് കിട്ടുന്നതൊക്കെ കലക്കി കുടിക്കുകയും ചെയ്യുന്നവർ ഓർക്കുക. കുട്ടികളെ രണ്ടിരട്ടി വേഗത്തിൽ വലുതാവാൻ സഹായിക്കുന്നെന്ന് വ്യാജ അവകാശവാദം ഉന്നയിച്ചതിന് സാക്ഷാൽ കോംപ്ലാൻ കോടതി കയറുകയാണ്. ക്രിക്കറ്റ് താരങ്ങളെയും സിനിമാതാരങ്ങളെയുമൊക്കെ കൊണ്ട് കൊണ്ടുപിടിച്ച പ്രചാരണം നടത്തി ഹെൽത്ത് ഡ്രിങ്ക് എന്ന പേരിൽ ഹോർലിക്സുമായി മത്സരിച്ച് അതിവേഗം ഇന്ത്യൻ വിപണി പിടിച്ചെടുത്ത കോംപ്ലാന് വിനയായത് അതിരു കവിഞ്ഞ ആത്മവിശ്വാസം തന്നെയായിരുന്നു. തങ്ങളുടെ നേട്ടങ്ങൾക്ക് സാക്ഷ്യം പറയുന്ന പരസ്യത്തിലെ ഡോക്ടർമാരെ പോലെയാണ് ആധുനിക ശാസ്ത്രസമൂഹമെന്ന് അവർ ധരിച്ചുപോയി. അതുകൊണ്ടായിരിക്കണം ശാസ്ത്രീയമാണെന്നു പറയുന്ന ഒരു പഠന റിപ്പോർട്ട് തല്ലിക്കൂട്ടിയുണ്ടാക്കി ചുളുവിൽ ശാസ്ത്ര സമൂഹത്തിന്റെ പിന്തുണ കൂടി നേടിയെടുക്കാൻ അവർ ശ്രമിച്ചത്.

കോയമ്പത്തൂരിലെ അവിനാശി ഡീംസ് വാഴ്സിറ്റി ഫോർ വുമൺ 2008 ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കോംപ്ലാൻ കുട്ടികളിലെ ഇരട്ടി വളർച്ചാ സിദ്ധാന്തം ആവിഷ്കരിച്ചത്. ഏഴു മുതൽ പന്ത്രണ്ടു വരെ പ്രായമുള്ള 900 കുട്ടികളെ മൂന്നു ഗ്രൂപ്പായി തിരിച്ചാണത്രേ ഇവിടെ പഠനം നടത്തിയത്. ആദ്യത്തെ വിഭാഗത്തിന് ആഹാരവും രണ്ടാമത്തെ വിഭാഗത്തിന് ആഹാരത്തിനു പുറമെ വെള്ളത്തിൽ കലക്കിയ കോംപ്ലാനും മൂന്നാമത്തെ വിഭാഗത്തിന് ആഹാരത്തിനൊപ്പം പാലിൽ കോംപ്ലാനും ചേർത്ത് നൽകിയത്രെ. ഫലം ഞെട്ടിക്കുന്നതായിരുന്നു.കോംപ്ലാൻ പാലിൽ ചേർത്ത് കഴിച്ച കുട്ടികൾ മറ്റു കുട്ടികളുടെ ഇരട്ടിവേഗത്തിൽ വീർത്തെന്നായിരുന്നു യൂണിവേഴ്സിറ്റിയുടെ കണ്ടെത്തൽ.

ഇതാണ് വലിയ ശാസ്ത്രീയ കണ്ടെത്തലായി കോംപ്ലാന്റെ നിർമ്മാതാക്കളായ ഹെയിൻസ് ഇന്ത്യൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പ്രചരിപ്പിച്ചിരുന്നത്. ഇതോടെ നേരത്തെ ആരോഗ്യ പാനീയങ്ങളെ സംശയത്തോടെ നോക്കിയിരുന്നവർ പോലും കോംപ്ലാന് 100 മാർക്ക് കൊടുത്തു. കുട്ടികൾ കോംപ്ലാൻ ക്രേസുകൾ ആയതോടെ ഇതിന്റെ കച്ചവടവും നന്നായി കൊഴുത്തു.

അപ്പോഴാണ് മുംബൈയിലെ ജസ്‌ലോക് ആശുപത്രിയിലെ ശിശുരോഗ വിദഗ്ധനായ ആർ.കെ. ആനന്ദിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം പെടുന്നത്. പതിവായി കോംപ്ലാൻ കൊടുത്തിട്ടും തങ്ങ

---

കാവും വീടുമൊക്കെ വിട്ടു കുടിയിറങ്ങേണ്ടി വന്നു. എന്തെന്നില്ലാത്ത നഷ്ടബോധത്തിലെ ഏറ്റവും വലിയ വ്യസനം തുടിച്ചുകുളിക്കാരുമായുള്ള വേർപാടായിരുന്നു. പക്ഷേ പെട്ടെന്നു തന്നെ അവയെ നഗരത്തിലൊരിടത്തും കാണാതെയുമായി. ഉയർന്ന ഫ്ളാറ്റുകളിൽ കൂടുകൂട്ടുന്ന ചക്കിപ്പരുന്തുകളും ചവരചിക്കുന്ന നാട്ടുമൈനകളും ഏതാനും കാക്കകളും... രാത്രി ഏതോ പഴയ പ്ലാവിൽ നിന്നു കേൾക്കുന്ന പുള്ളിനത്തുകളുടെ പ്രണയസല്ലാപങ്ങളും മാത്രമേ ഇവിടെയുള്ളൂ. എങ്കിലും ജീവന്റെ പുനർജനിയുടെ പ്രതീക്ഷയായി പത്തും പന്ത്രണ്ടും നിലകളിലേക്കുയരുന്ന ഡ്രെയിൻ പൈപ്പുകളിൽ വളരുന്ന ആലിൻതൈകളും റോഡരികിലെ ചവറിൽ നിന്നു തല പൊക്കുന്ന മാവും ഉതിയും.... പൂവാങ്കുറുന്തലപ്പൂക്കളിൽ തേൻ കുടിക്കുന്ന കുഞ്ഞു വെള്ളപ്പൂമ്പാറ്റകളും നഗരനടത്തത്തിൽ കൂട്ടായുണ്ട്.

ലിറ്റിൽമാസിക കിട്ടി കുറച്ചു ദിവസത്തിനുള്ളിൽ, അമ്മയുടെ കാടു പിടിച്ച മുറ്റത്ത്... ഒരു ചിർ...ചിർ... ! വിശ്വസിക്കാനായില്ല. ആരതെന്ന് മനസ്സ് തിരിച്ചറിയും മുമ്പേ... ഹൃദയം ആഹ്ലാദം കൊണ്ട് തുടിച്ചു. അതെ അവർ തന്നെ - വണ്ണാത്തിപ്പുള്ള് ദമ്പതികൾ! കാട്ടിൽ കാണുന്ന അപൂർവ്വ പക്ഷികളെപ്പോലെ കൺമുൻപിൽ പ്രത്യക്ഷപ്പെടാതെ, ചെടികൾക്കിടയിൽ അവരൊളിച്ചു.. കൃത്യം രണ്ടുകൊല്ലം കഴിഞ്ഞാണ് ഞാനവരെ കാണുന്നത്. പക്ഷേ ഇതിനിടെ അപൂർവ്വരായിക്കഴിഞ്ഞു തങ്ങളെന്നവർ എന്നു തിരിച്ചറിഞ്ഞപോലെ! പിന്നീടുള്ള ദിവസങ്ങളിൽ അവരവിടെയുണ്ടെന്ന് ഉറപ്പു വരുത്താൻ, അവരെ കാണാൻ ഞാനെന്നും ( അമ്മയെ കാണാൻ ) പോയി. അവരുടെ പരിചയക്കേട് മാറിവരുന്നുണ്ട്. പവിഴമല്ലിയിലും വെളുത്തുള്ളി വള്ളിയിലും ഇരുന്നവർ നേർത്ത ചൂളം വിളിക്കുന്നുണ്ട്. എന്നോ പട്ടുപോയ പോളിയാൽത്തിയ മരത്തിലെ പോടുകളിലൊന്ന് അവർ പിടിച്ചെടുത്തിരിക്കുമോ കൂടു കൂട്ടാൻ? പരന്ന ചട്ടിയിൽ നിറച്ച വെള്ളത്തിലവർ തുടിച്ചുകുളി തുടങ്ങുമോ?

(അപ്രത്യക്ഷരാവുന്ന/ജീവധാരയിലേക്ക് .തിരിച്ചെത്തുന്ന ജീവനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ലിറ്റിൽ മാസികയുടെ വായനക്കാരിൽ നിന്നു പ്രതീക്ഷിക്കുന്നു.)

ളുടെ കുട്ടികൾ വളരുന്നില്ലെന്ന് ചില അമ്മമാർ പരാതിപ്പെട്ടതോടെയാണ് അവിനാശി യൂണിവേഴ്സിറ്റിയുടെ പഠനം വിശകലനം ചെയ്യാൻ ഡോ. ആനന്ദ് തയ്യാറായത്. അപ്പോഴാണ് ശാസ്ത്രീയ പഠനങ്ങളുടെ എല്ലാ മാർഗനിർദേശങ്ങളും ലംഘിച്ചാണ് കോംപ്ലാൻ അനുകൂല റിപ്പോർട്ട് തരമാക്കിയതെന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്നത്. കോംപ്ലാൻ നിർമാതാക്കളായ ഹെയിൻസിന്റെ ധനസഹായത്തോടെയാണ് പഠനം നടന്നത് എന്ന ഒറ്റക്കാരണം മതി റിപ്പോർട്ട് തള്ളിക്കളയാൻ. എത്ര പ്രായ പരിധിയിൽ പെട്ട കുട്ടികളെയാണ് പഠിച്ചത്, അവർ ഇന്ത്യയിലെ വ്യത്യസ്തമായ ഭൂവിഭാഗത്തിൽ നിന്നാണോ വരുന്നത് തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും പഠന ത്തിലില്ല. മാത്രമല്ല, ക്ലിനിക്കൽ ട്രയൽ രജിസ്റ്ററിൽ ഈ പഠനമില്ല. ലോകത്തിലെ ഏതെങ്കിലും ശാസ്ത്ര മാസികകളിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. സയൻസ് കോൺഫറൻസുകളിൽ സംവാദ വിഷയവും ആയിട്ടില്ല.

മാത്രമല്ല, സാധാരണ കുട്ടികളേക്കാൾ രണ്ടിരട്ടി വളർച്ച നൽകുന്ന അത്ഭുത വസ്തുവാണ് കോംപ്ലാനെങ്കിൽ പോഷകാഹാരക്കുറവു മൂലം ആയിരക്കണക്കിനു കുട്ടികൾ ദുരിതമനുഭവിക്കുന്ന ഇന്ത്യയിൽ അതൊരു ഒന്നാന്തരം ഔഷധം തന്നെയാവുമായിരുന്നു. നൊബേൽ സമ്മാനം വരെ കിട്ടേണ്ട ഒരു കണ്ടെത്തലിന്റെ വിശദാംശങ്ങൾ എന്തുകൊണ്ടാണ് കോംപ്ലാൻ പുറത്തുവിടാത്തത്?

ഇക്കാര്യങ്ങൾ എല്ലാം ചൂണ്ടിക്കാട്ടി ഡോ. ആനന്ദ് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിനും മഹാരാഷ്ട്ര ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രേഷനും (എഫ്.ഡി.എ) കത്തെഴുതി. എന്നാൽ, പതിവുപോലെ നടപടയുണ്ടായില്ല. തുടർന്ന് വിവരാവകാശ നിയമപ്രകാരം സമീപിച്ചപ്പോഴാണ് അധികൃതർ ഇളകിയത്. ഇതോടെ എഫ്.ഡി.എ കമ്പനിക്ക് കുറ്റപത്രം സമർപ്പിക്കുകയും വിശദ പഠനങ്ങൾക്കായി ഡൽഹി മൗലാനാ ആസാദ് മെഡിക്കൽ കോളേജ് മുൻ പ്രൊഫസർ എച്ച്.പി.സച്ദേവിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

സച്ദേവ് വിശദമായി പഠനം നടത്തിയ റിപ്പോർട്ട് അടിവരയിട്ട് ഒരു കാര്യം വ്യക്തമാക്കി. കോംപ്ലാന്റെ അവകാശവാദങ്ങൾക്ക് ഒരു അടിത്തറയുമില്ല. എന്നാൽ, കോംപ്ലാൻ നിർമാതാക്കളായ ഹെയിൻസ് കമ്പനി ഇപ്പോഴും പഴയ അവകാശവാദങ്ങളിൽ ഉറച്ചുനിന്നു.

തുടർന്നാണ് എഫ്.ഡി.എ. കോടതിയെ സമീപിച്ചത്. മസ്ഗോൺ ചീഫ് മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റ് മുമ്പാകെ സമീപിച്ച ഹരജിയെ തുടർന്ന് ഹെയിൻസ് കമ്പനിയുടെ ഏഴ് ഉദ്യോഗസ്ഥർക്കെതിരെ കോടതി കേസെടുത്തു. 1954 ലെ മായം ചേർക്കൽ നിരോധന നിയമപ്രകാരമാണ് കേസെന്നതാണ് ഏറ്റവും ശ്രദ്ധേയം.

പക്ഷേ, ഇത്രയും വലിയ പ്രശ്നങ്ങൾ ഉണ്ടായിട്ടും കോടികളുടെ പരസ്യം ഭയന്ന് ഇന്ത്യൻ മാധ്യമങ്ങൾ മൃദു സമീപനമാണ് കോംപ്ലാനോട് കൈകൊണ്ടത്. ഡൗൺ ടു എർത്ത് പോലുള്ള പരിസ്ഥിതി-ശാസ്ത്ര മാസികകളാണ് ഇതു സംബന്ധിച്ച വാർത്തയുടെ വിശദാംശങ്ങൾ കൊടുക്കുന്നത്.

കുഞ്ഞുങ്ങളെ എന്ത് തീറ്റിക്കണമെന്നും എന്ത് കുടിപ്പിക്കണമെന്നും അറിയാതെ നെട്ടോട്ടമോടുന്നവർ ഏറെയുള്ള കേരളത്തിലും കോംപ്ലാൻ വഞ്ചന ചർച്ചയായില്ല. ബേബി ഫുഡുകളുടെയും ഹെൽത്ത് ഡ്രിങ്കുകളുടെയും ഏറ്റവം വലിയ വിപണിയായ കേരളത്തിൽ ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തു നടപടിയാണ് അധികൃതർ സ്വീകരിച്ചത്. മഹാരാഷ്ട്രയിൽ ഡോക്ടർക്ക് ഇത്രയെങ്കിലും കഴിഞ്ഞെന്ന് ആശ്വസിക്കാം. കുത്തകകളുടെ കീശ വീർപ്പിക്കാനായി തോന്നിയ ആരോഗ്യ പാനീയങ്ങൾ എഴുതിവിടുകയല്ലേ നമ്മുടെ ഭിഷഗ്വരൻമാർ ചെയ്യുന്നത്. ഈസിയായി ശ്വാസം വർദ്ധിപ്പിക്കാൻ, തൈലം തേച്ച് തടി കുറക്കാൻ, പ്രതിരോധശക്തി വർദ്ധിപ്പിക്കാൻ എന്തിന് ബുദ്ധിയും ഓർമ്മയും വർദ്ധിപ്പിക്കാനും ജരാനരകൾ തടയാൻ പോലും മരുന്നുകളും പാനീയങ്ങളും സുലഭമാണ് കേരളത്തിൽ. ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ട് വെച്ച് ഏത് പോലീസുകാരനും പിടിച്ച് അകത്തിടാവുന്ന കുറ്റങ്ങൾ ചെയ്ത് ഇവർ മലയാളികളെ പിഴിയുന്നു.

ആനന്ദ് ഡോക്ടറെ പോലെയുള്ളവർ എന്നാണാവോ കേരളത്തിൽ ഉണ്ടാവുക?

**(കടപ്പാട്: കുടുംബമാധ്യമം, 2010 സെപ്റ്റംബർ 24)**


## പലരും ചോദിക്കുന്ന ചോദ്യം

**ഇൻലന്റ് മാഗസിനായിരുന്നു ലിറ്റിൽ മാസിക. ഇപ്പോൾ വലുതായിരിക്കുന്നു. ഇപ്പോഴത്തെ രൂപത്തിൽ ലിറ്റിൽ മാഗസിൻ എന്നു വിളിക്കാമോ?**

കേവലം രൂപമോ, വലുപ്പമോ, ഫോർമാറ്റോ അല്ല മറിച്ച് ഉള്ളടക്കവും നിലപാടുകളുമാണ് ഒരു പ്രസിദ്ധീകരണത്തെ ലിറ്റിൽ മാഗസിൻ എന്ന വിശേഷണത്തിന് അർഹമാക്കുന്നത്. രൂപം കൊണ്ട് ചെറുതാവുകയും നിലപാടുകൾ കൊണ്ട് പ്രതിലോമപരവുമായ പ്രസിദ്ധീകരണം എത്ര ചെറുതാണെങ്കിലും അതിനെ ലിറ്റിൽ മാഗസിൻ എന്ന് വിളിക്കാൻ കഴിയില്ല. വേറിട്ടതും, ശക്തവുമായ നിലപാടുകൾ ഉള്ള, മൂലധന മേൽക്കോയ്മ ഇല്ലാത്ത പ്രസിദ്ധീകരണങ്ങൾ പൊതുവെ ലിറ്റിൽ മാഗസിൻ എന്ന പേരിൽ ലോകമെങ്ങും അറിയപ്പെട്ടുവരുന്നു.തീർച്ചയായും ലിറ്റിൽ മാസിക രൂപപരമായിപോലും വലുതായിട്ടില്ല എന്ന് തന്നെയാണ് വിശ്വസിക്കുന്നത്.

*ലിറ്റിൽ മാസിക ടീം*

## പോസ്റ്റർ




*മദ്യപിച്ചു വാഹനമോടിച്ച ഒരാളുടെ അശ്രദ്ധ മൂലം അപകടത്തിനിരയായ ഇരുപതു വയസ്സുള്ള ജാകിലിൻ എന്ന സുന്ദരിയുടെഅപകടത്തിനു മുമ്പും പിൻപുമുള്ള ഫോട്ടോകളാണ് മുകളിൽ. മദ്യപിച്ചു വാഹനമോടിക്കുന്നതിനെതിരെ ലോകമെങ്ങും പ്രചരിക്കുന്ന പോസ്റ്റർ.*



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു

# ആശുപത്രി വരാന്തയിലെ ചങ്ങാതിമാർ

**നമ്മുടെ കർമ്മങ്ങളെയും ഇച്ഛകളെയും നാം ശരിയായി കാണാൻ തുടങ്ങുക ചില അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴായിരിക്കും.**

ആശുപത്രി വരാന്തയിലെ കാത്തിരിപ്പുവേളയിൽ രൂപംകൊണ്ട ചങ്ങാതിക്കൂട്ടമായിരുന്നു ഞങ്ങളുടേത്. ഉള്ളിൽ ഞങ്ങൾക്കെല്ലാം ആശങ്കയുടെയും ആധിയുടെയും തിളയ്ക്കുന്ന ചൂടുണ്ട്. അതിനെ ശമിപ്പിയ്ക്കാനെന്നവണ്ണം ഞങ്ങൾ ചങ്ങാത്തത്തിന്റെ തണുപ്പിൽ അഭയം തേടി. ഞങ്ങൾ മൂന്നാല് പേരുണ്ടായിരുന്നു. തൊടുപുഴക്കാരൻ റഷീദ്, മണ്ണാർക്കാടിനടുത്തുള്ള ഓട്ടോ ഡ്രൈവർ ശിഹാബ്, ഷാജി.... പിന്നെ ഞാനും.

ഞങ്ങളുടെ ആധികൾക്ക് സമാനതകളുണ്ടായിരുന്നു. ജനനത്തിന്റെയും മരണത്തിന്റെയും ഇടയിലെ അനിശ്ചിതത്വങ്ങളെ മറികടക്കാൻ പിറവിയിലേ ക്ലേശിച്ച കുഞ്ഞുങ്ങളുടെ പിതാക്കന്മാരായിരുന്നു ഞങ്ങൾ. തെളിച്ചുപറഞ്ഞാൽ, ഐസിയുവിന് പുറത്ത് വരാന്തയിൽ മക്കൾക്ക് കാവൽ കിടക്കുന്ന പിതാക്കന്മാർ. ഗർഭകാലത്തോ പ്രസവഘട്ടത്തിലോ ഉണ്ടായ അജ്ഞാതമായ ആഘാതങ്ങൾ കൊണ്ടായിരിക്കാം, ഞങ്ങളുടെയെല്ലാം കുഞ്ഞുങ്ങൾ ഭൂമിയിലേക്കു വന്നതേ ഒട്ടേറെ സങ്കീർണ്ണതകളുമായിട്ടാണ്.

കാലാവധിയെത്തും മുമ്പേ ഗർഭഗൃഹത്തിൽനിന്നും ഭൂമിയിലെത്തിയതിന്റെ പേരിൽ അമ്മയുടെ മാറിടത്തിന്റെ ചൂടിൽനിന്ന് അകറ്റപ്പെട്ട് ഐസിയുവിലെ ചില്ലുകൂട്ടിനുള്ളിൽ അടക്കപ്പെട്ട കുഞ്ഞു മാലാഖമാർ. മുലപ്പാലിനു പകരം നേർത്ത കുഴലുകളിലൂടെ നഴ്സുമാർ നൽകുന്ന ഔഷധങ്ങളും പ്രാണവായുവും നുണഞ്ഞിറക്കുന്ന കുഞ്ഞുമക്കൾ. നാട്ടിൻപുറങ്ങളിലെ ചെറുആശുപത്രികളിലെ, പ്രസവാനന്തര സങ്കീർണതകളിൽ ഭാര്യമാരെ തനിച്ചാക്കി, നവജാത ശിശുക്കൾക്കു മാത്രമുള്ള അത്യാഹിത പരിചരണങ്ങൾക്കായി നഗരത്തിലെ വലിയ ആശുപത്രിയിൽ കുഞ്ഞുങ്ങളെ എത്തിച്ച്, പുറത്തെ വരാന്തയിൽ കാത്തിരിക്കുന്ന ഞങ്ങൾ പിതാക്കന്മാർക്ക് പങ്കുവെയ്ക്കാനുള്ള വേവലാതികൾക്ക് ഒരേ ഭാവം. രണ്ടുനേരം കർട്ടൻ നീക്കി ചില്ലുജാലകത്തിലൂടെ ഐസിയുവിലേക്ക് എത്തിനോക്കുമ്പോൾ എല്ലാ കുഞ്ഞുങ്ങളും ഒരു പോലെ! കുഞ്ഞുങ്ങളുടെ ഓരോ ദിവസത്തെയും പുരോഗതികൾ പറയുന്ന ഡോക്ടർക്കു മുമ്പിൽ കൂടിനിൽക്കുന്ന ഞങ്ങളിൽ ഒരേ വികാരങ്ങളുടെ അലയടികൾ. ഞങ്ങൾ വളരെ പെട്ടെന്ന് ഇണക്കത്തിലായി.

ഐസിയുവിന് മുമ്പിലെ വരാന്തയിൽ പരിചിത ദൃശ്യങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും. വാതിൽപ്പാളികൾ ചിലപ്പോൾ തുറക്കുക പുതച്ചുമൂടിയ ചലനമറ്റ കുഞ്ഞുങ്ങളുടെ മൃതദേഹം കൊണ്ടുപോകാനായിരിക്കും. ചിലപ്പോൾ അറ്റന്റർമാർ വേഗത്തിൽ തള്ളിക്കൊണ്ടുവരുന്ന സ്ട്രെക്ചറിലോ ഏതെങ്കിലുമൊരു അമ്മയുടെ മാറോട് ചേർത്തോ വെള്ളത്തുണിയിൽ പൊതിഞ്ഞുകൊണ്ട് കുഞ്ഞുങ്ങളുമായി ഓടിവരുന്നവർ. കുഞ്ഞിനെ ഐസിയുവിൽ കയറ്റുന്നതോടെ ബന്ധുക്കൾ പുറത്താവുന്നു. പിന്നെ, ഉത്കണ്ഠയോടെ പരിസരങ്ങളൊന്നും ശ്രദ്ധിക്കാതെ സ്വന്തം വേവലാതികളിൽ മുഖംതാഴ്ത്തി നിറഞ്ഞ കണ്ണുകളുമായി നിൽക്കുന്നവർ. ഫോണിലൂടെ കുഞ്ഞിന്റെ വിവരങ്ങൾ വിളിച്ചുപറയുന്നവർ. നഴ്സുമാർ നൽകിയ ചീട്ടുമായി മരുന്നു വാങ്ങാൻ തിരക്കിട്ടോടുന്നവർ. പുറത്തേക്കു വരുന്ന ഡോക്ടറെ കാത്ത് ആകാക്ഷയോടെ നിൽക്കുന്നവർ.

പുതുതായി വന്നവരെ നിസ്സംഗതയോടെ നിരീക്ഷിക്കാൻ ഞങ്ങൾ ശീലിച്ചു. ഞങ്ങളും കുറച്ചു നാളുകൾക്കു മുമ്പേ ഇതേ മനസ്സോടെ വന്നവരായിരുന്നുവല്ലോ. വന്നെത്തിയതിന്റെ അങ്കലാപ്പുകൾ വിട്ടുപോകുന്നതോടെ അവരും ഞങ്ങളുടെ കൂട്ടത്തിൽ കൂടും. ഞങ്ങളുടെ മുൻ അനുഭവങ്ങൾ അവർക്ക് തുണയാകും.

സത്യത്തിൽ ജീവിതത്തിൽ സംഭവിക്കുന്ന ദുരനുഭവങ്ങളെല്ലാം ഇങ്ങനെയൊക്കെത്തന്നെയല്ലേ..? വന്നുഭവിക്കുന്ന ആ ഒരു നിമിഷത്തിന്റെ പൊള്ളലുകൾ ആറിത്തണുക്കുന്നതോടെ നാം നിസ്സംഗരാവാൻ ശീലിക്കുന്നു. സമാനമായ ദുരനുഭവങ്ങൾ പിന്നീട് മറ്റുള്ളവർക്കുണ്ടാകുമ്പോൾ സഹാനുഭൂതിയോടെ, സമചിത്തതയോടെ കാണാൻ കഴിയുന്നു.

നിയമസഭാ തെരഞ്ഞെടുപ്പിന്റെ കോലാഹലങ്ങൾ നടക്കുന്ന സമയമായിരുന്നു അത്. തെരഞ്ഞെടുപ്പു വിജയത്തിന്റെ ആഹ്ലാദാഘോഷങ്ങളുമായി പടക്കം പൊട്ടിച്ചും മുദ്രാവാക്യങ്ങളുയർത്തിയും പ്രകടനങ്ങൾ ആശുപത്രിക്കു മുമ്പിലൂടെ പോയപ്പോൾ റഷീദ് പറഞ്ഞു: "ഇപ്പോഴത്തെ മാനസികാവസ്ഥയിൽ ഇതൊന്നും ആസ്വദിക്കാനേ പറ്റുന്നില്ല. മുമ്പ് ഞാനും ഇതുപോലെ തെരഞ്ഞെടുപ്പ് ആഘോഷത്തിൽ പങ്കെടുത്തതാണ്. അന്നും ഇതുപോലെ ഇതാസ്വദിക്കാൻ കഴിയാതെ എന്റെ ഇപ്പോഴത്തെ മാനസികാവസ്ഥയിലുള്ളവർ ഉണ്ടായിരുന്നിരിക്കണമല്ലോ."

ശരിയാണ്, നമ്മുടെ കർമ്മങ്ങളെയും ഇച്ഛകളെയും നാം ശരിയായി കാണാൻ തുടങ്ങുക ചില അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴായിരിക്കും.

ഓട്ടോ ഡ്രൈവറായ ശിഹാബ് വണ്ടിയോടിക്കാൻ പറ്റാതെ ആശുപത്രിയിൽ കുഞ്ഞിന് കാവലായി കഴിയേണ്ടിവരുന്നതിനെപ്പറ്റി ഇടയ്ക്ക് ഞങ്ങളോട് പരിതപിക്കും. വരുമാനമാർഗ്ഗമടഞ്ഞാൽ ആശുപത്രി ബില്ലും വണ്ടിയടവും എങ്ങനെ ഒപ്പിക്കുമെന്ന ബേജാറിലായിരിക്കും എപ്പോഴും ശിഹാബ്. അവന്റെ ഈ വെപ്രാളത്തിനു മുമ്പിൽ സർക്കാർ ജീവനക്കാരനായ എന്റെ ലീവിനെപ്പറ്റിയുള്ള ആശങ്കകൾ ഒന്നുമല്ലാതായിത്തീർന്നു.

ആഴ്ചകളോളമുള്ള ആശുപത്രി അനുഭവങ്ങൾക്കു ശേഷം വീട്ടിലെത്തിയ കുറച്ചുനാൾ ഞങ്ങൾ ഈ ചങ്ങാതിക്കൂട്ടം ഫോണിലൂടെ ബന്ധം തുടർന്നു. ഇതിനിടെ, ഞങ്ങൾ മൂന്നുപേരുടെയും കുഞ്ഞുങ്ങൾ അല്പായുസ്സുകളായി വേർപിരിഞ്ഞു. റഷീദ് ദുബായിലേക്ക് വിമാനം കയറുന്നതിന്റെ തലേദിവസം ഫോണിലൂടെ യാത്രപറയൽ നടത്തി.

ഒരിക്കൽ ഓട്ടോ ഡ്രൈവറായ ശിഹാബ് തന്റെ കുടുംബജീവിതത്തിലുണ്ടായ വിള്ളലുകൾ തീർക്കാൻ പഴയ ആശുപത്രി സൗഹൃദത്തിന്റെ അധികാരംവെച്ച് എന്നോട് ഇടപെടാൻ ആവശ്യപ്പെട്ടു. അതിനനുസരിച്ച് ചെറിയൊരു 'കൗൺസലിംഗ്' ഞാൻ നടത്തുകയും ചെയ്തു. പിന്നീടൊരിക്കൽ ശിഹാബ് കുടുംബസമേതം എന്റെ വീടന്വേഷിച്ചു വന്നു.

സ്വാഭാവികമായി ഫോൺ ബന്ധങ്ങൾ നഷ്ടപ്പെട്ടും മറ്റു പല നിലയിലും മാറിമറിഞ്ഞ ജീവിതപരിസരങ്ങളിൽനിന്ന് ഈ ചങ്ങാത്തത്തിന്റെ ഓർമകൾ മറഞ്ഞുപോയി. എങ്കിലും ഈ അനുഭവപാഠങ്ങൾ എന്നെപ്പോലെ എന്റെ ചങ്ങാതിമാരും മറന്നുകാണില്ല.

ചുറ്റുവട്ടം

ബാബു ഐ.പി. കടമ്പോട്

**മനുഷ്യർക്ക് ഒത്തുകൂടാൻ, ചർച്ച ചെയ്യാൻ, കലകൾ അവതരിപ്പിക്കാൻ, ആസ്വദിക്കാൻ, വെടി പറഞ്ഞിരിക്കാൻ ഒരിടം. ആർക്കും എപ്പോഴും വരാം. അങ്ങാടിപ്പുറം ഞരളത്ത് കലാഗ്രാമത്തെക്കുറിച്ച്.....**

# പ്രകാശം പരത്തുന്ന കലാഗ്രാമം

അന്ധകാരത്തിൽ കൊളുത്തിവെച്ച ചെറുമൺ ചെരാതുകളായി എവിടെയൊക്കെയോ ചില മനുഷ്യർ, സംരംഭങ്ങൾ. പ്രതീക്ഷ തരുന്ന വേറിട്ട ചിന്തയും സ്വപ്നങ്ങളും കൊച്ചു പ്രവർത്തനങ്ങളുമായി നമുക്കിടയിൽ ജീവിക്കുന്നവർ. പലതും നാം അറിയാതെ പോകുന്നു. കാണാതെ പോകുന്നു.

അലഞ്ഞുതിരിയുന്നവൻ മധു ശേഖരിക്കുന്നു (Wandering one gathers honey) എന്നു പറയാറുണ്ട്. അലക്ഷ്യമായ ചില സഞ്ചാരങ്ങൾ കാര്യമായ പല അനുഭവങ്ങളും കാഴ്ചകളും സമ്മാനിച്ചിട്ടുണ്ട്. അത്തരമൊരു കറക്കത്തിനിടെ യാദൃശ്ചികമായാണ് അങ്ങാടിപ്പുറം ഞരളത്ത് കലാഗ്രാമത്തിലെത്തിപ്പെട്ടത്. വഴിയരികിലെ ബോർഡു കണ്ടപ്പോൾ പോകാമെന്നു തീരുമാനിച്ചു. സോപാനസംഗീതത്തെ ക്ഷേത്രമതിൽക്കെട്ടിനു പുറത്തേക്ക് കൊണ്ടുവരികയും ജാതിമതഭേദമില്ലാതെ ശിഷ്യരെ പഠിപ്പിക്കുകയും ചെയ്ത ഞരളത്ത് രാമപ്പൊതുവാളിന്റെ സ്മരണ നിലനിർത്താനായി സജ്ജമായി കൊണ്ടിരിക്കുന്ന കലാഗ്രാമം ഏറെ സവിശേഷത നിറഞ്ഞ ഒന്നായി തോന്നി.

പുറത്ത് ആരെയും കണ്ടില്ല. കുറച്ച് സ്ഥലം കാവായി നിലനിർത്തിയിരിക്കുന്നു. ഇടയ്ക്ക പ്രതിഷ്ഠിച്ച ശ്രീകോവിൽ, കേരളീയ വാദ്യോപകരണങ്ങളെല്ലാമടങ്ങിയ വാദ്യപ്പുര, കുട്ടികൾക്ക് ഇടയ്ക്ക പഠിപ്പിക്കുന്ന ഇടയ്ക്കക്കളരി, പുസ്തകപ്പുര, ഏറുമാടം എല്ലാം നടന്നുകണ്ടു. ക്യാമറയും തോളിൽതൂക്കി നിറചിരിയോടെ ഒരാൾ അടുത്തുവന്നു- ഹരിഗോവിന്ദൻ-കലാഗ്രാമത്തിന്റെ അമരക്കാരൻ. ചിരപരിചിതരെപ്പോലെ ഇടയ്ക്കക്കളരിയുടെ അരച്ചുവരിലിരുന്ന് സംസാരം തുടങ്ങി. കൃഷ്ണേട്ടന്റെ അഭയ ത്തിലുണ്ടാക്കിയ അവിലും കട്ടൻചായയുമായി കല്യാണിയമ്മ വന്നു. അവരാണ് സംരംഭത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകിയത്.

സുദീർഘമായ സംഭാഷണത്തിനിടയിൽ കലാഗ്രാമത്തെക്കുറിച്ച്, ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് ഹരിഗോവിന്ദൻ നയം വ്യക്തമാക്കി. മനുഷ്യർക്ക് ഒത്തുകൂടാൻ, ചർച്ച ചെയ്യാൻ, കലകൾ അവതരിപ്പിക്കാൻ, ആസ്വദിക്കാൻ, വെടി പറഞ്ഞിരിക്കാൻ ഒരിടം. ആർക്കും എപ്പോഴും വരാം. പ്രകൃതിയെ ദൈവമായി കാണുന്നു. മനുഷ്യരെല്ലാം രമ്യതയിൽ സന്തോഷത്തോടെ കഴിയുന്ന, മനുഷ്യനും പ്രകൃതിയും രാഗവും താളവും ആകുന്ന ഒരു കാലം സ്വപ്നം കാണുന്നു. അതിനു വേണ്ടിയാണിത്. ആത്യന്തികമായി കലാഗ്രാമത്തിന്റെ നിർമ്മിതികൾ ഒരു താൽക്കാലിക ഉപാധി മാത്രമാണെന്നും ഒത്തുചേരാൻ ഒരു ഇടം മാത്രമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

എത്രത്തോളം 'പൊതു' ഉണ്ടെന്നുള്ളതാണ് ഒരു സമൂഹത്തിന്റെ ആരോഗ്യത്തെ കുറിക്കുന്നതെന്ന് പറയാറുണ്ട്. സമൂഹത്തിൽ പൊതുഇടങ്ങൾ ചുരുങ്ങിച്ചുരുങ്ങിവരുന്ന കാലമാണിത്. ഗ്രാമീണ വായനശാലകൾ ഊർധ്വശ്വാസം വലിക്കുന്നു. കാട്, പുഴ, കായൽ, തണ്ണീർത്തടങ്ങൾ തുടങ്ങിയ പൊതുസമ്പത്തുകളെ എങ്ങനെയാണ് നാം കൈകാര്യം ചെയ്യുന്നത്?


വീണ്ടും വരാമെന്നു പറഞ്ഞിറങ്ങുമ്പോൾ മനസ്സിൽ പ്രത്യാശയുടെ നൽസുഗന്ധം. മനുഷ്യർക്കൊരുമിക്കാൻ, സന്തോഷിക്കാൻ, പങ്കുവെക്കാൻ ഇനിയുമൊരുപാട് ഇടങ്ങളുണ്ടാകട്ടെയെന്ന് ആശിക്കുന്നു.

---

വേറിട്ട ജീവിതം

ഷിനോ ജേക്കബ് കൂറ്റനാട്

# ക്ലർക്ക് കർഷകൻ



*സി. ജയപ്രകാശ്*

വെള്ളക്കോളർ ജോലി കിട്ടിയാൽ മണ്ണിനെയും വന്ന വഴിയും മറക്കുന്ന പുതിയ തലമുറക്കിതാ ചേറിലും ചെളിയിലും ഉത്സാഹത്തോടെ പണിയെടുക്കുന്ന ഒരു സർക്കാർ ജീവനക്കാരന്റെ മാതൃകാ ജീവിതം! പേര് സി. ജയപ്രകാശ്. പാലക്കാട് ജില്ലയിലെ പട്ടാമ്പിക്കടുത്ത് കൂറ്റനാട് കോമംഗലത്താണ് വീട്. ഭാരതീയ ചികിത്സാ വകുപ്പിൽ പാലക്കാട് ക്ലാർക്കായി ജോലിയെടുക്കുന്ന ജയപ്രകാശിന്, കൃഷിപ്പണിക്കാരനായ പിതാവ് കൃഷ്ണൻകുട്ടി പാടത്ത് പണിയെടുക്കുമ്പോൾ കാഴചക്കാരനായി നിൽക്കാൻ കഴിയുന്നില്ല. ജയപ്രകാശും പാടത്തേക്കിറങ്ങുകയുണ്ടായി. ഞാറു നടലും കൊയ്ത്തും മെതിയും എല്ലാം ജയപ്രകാശിന് ഇഷ്ടമുള്ള പ്രവർത്തന മേഖലകൾ!

കോമംഗലത്തെ വിശാലമായ പാടത്തിനോരത്തെ വീട്ടിൽ താമസിക്കുന്ന ജയപ്രകാശ് കണി കണ്ടുണരുന്നത് തന്നെ നെൽച്ചെടികളെയും നീർപ്പറവകളെയുമാണ്. മണ്ണിനോടും മരങ്ങളോടും സകല ജീവികളോടും ഉള്ള സ്നേഹം വിടാതെ നിലനിർത്താൻ കഴിയുക എന്നത് ജയപ്രകാശിന് ഏറ്റവും സന്തോഷമുള്ള കാര്യമാണ്. ഏതെങ്കിലും വെള്ളക്കോളർ ജോലി കിട്ടിയാൽ താൻ മേലാളനായി എന്ന് കരുതുന്ന ഇന്നത്തെ തലമുറ ജയപ്രകാശിൽ നിന്ന് വളരെയേറെ പഠിക്കാനുണ്ട്. (ജയപ്രകാശിന്റെ ഫോൺ നമ്പർ: 9446 47 85 80)

## ഫ്ളോറ - ഫോണ പഠനക്യാംപ് നിലമ്പൂരിൽ

നിലമ്പൂർ പ്രകൃതി പഠനകേന്ദ്രം ഫ്ളോറ - ഫോണ പഠനക്യാംപ് സംഘടിപ്പിക്കുന്നു. ചെറുജീവികളെയും വൈവിധ്യമാർന്ന സസ്യജാലങ്ങളെയും ആഴത്തിലറിയാൻ വിദഗ്ധന്മാരുടെ നേതൃത്വത്തിൽ ത്രിദിന ക്യാംപ് 2010 നവംബർ 5, 6, 7 തിയ്യതികളിൽ നിലമ്പൂർ 'ചന്ദ്രകാന്ത'ത്തിൽ വെച്ച് നടക്കുന്നു. വി.സി. ബാലകൃഷ്ണൻ (സീക് കണ്ണൂർ), ഇ. ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുക്കും. താല്പര്യമുള്ളവർ ഉടനെ രജിസ്റ്റർ ചെയ്യുക.

*ജയപ്രകാശ് പി, ഡയറക്ടർ, നിലമ്പൂർ പ്രകൃതി പഠന കേന്ദ്രം, നിലമ്പൂർ പി.ഒ. ഫോൺ: 9446 63 51 40*

ഗ്രീൻ ഐ

ജയപ്രകാശ് നിലമ്പൂർ

**പരിസ്ഥിതിയിൽ അനാവശ്യമായ കൈ കടത്തലുകൾ ഇല്ലാതെ പ്രകൃതിക്ക് വിട്ടുകൊടുത്താൽ പ്രകൃതി സ്വയം മുറിവുണക്കി റിപ്പയർ ചെയ്തു കൊള്ളുമെന്നതിന്റെ ഉദാഹരണങ്ങളാണ് സാരംഗും കൃഷ്ണവനവും. വൻകിട പദ്ധതികൾക്കു മുമ്പിൽ മാതൃകയായി തിളങ്ങുന്ന ഇത്തരം ചെറു സംരംഭങ്ങളെ ലോകത്തിനു മുമ്പിൽ ഉയർത്തിക്കാണിക്കുകയാണ് അട്ടപ്പാടി അനുഭവങ്ങൾ**



# അട്ടപ്പാടി ഹരിതാഭമാകുന്നു.!

അട്ടപ്പാടി ഹരിതകഞ്ചുകമണിഞ്ഞിരിക്കുന്നു!! എങ്ങും പച്ചപ്പിന്റെ ആവരണികൾ! തരിശായി കിടന്നിരുന്ന കുന്നിൻ ചെരുവുകളിൽ സസ്യലതാദികൾ തഴച്ചുവളർന്നു ഇട തൂർന്നിരിക്കുന്നു.

പത്തിരുപതു വർഷം മുമ്പുള്ള അട്ടപ്പാടിയേ അല്ല ഇന്ന്. തൊണ്ണൂറുകളിൽ അട്ടപ്പാടിയിലൂടെയുള്ള യാത്ര ശരിക്കും ഊഷരത അനുഭവപ്പെടുന്ന അനുഭവമായിരുന്നു. വരണ്ടുണങ്ങിയ കുന്നിൻ ചരിവുകൾ. മണ്ണ് സംരക്ഷണത്തിനായി നിർമ്മിച്ച വരമ്പുകൾ, പൊടിക്കാറ്റ്, കള്ളിച്ചെടികൾ, മേഞ്ഞു നടക്കുന്ന ആട്ടിൻപറ്റങ്ങൾ, ഉഴന്നു നടക്കുന്ന കഴുതകൾ, വെള്ളത്തിനായി നിരത്തിവെച്ച പ്ലാസ്റ്റിക് കുടങ്ങൾ....

വരണ്ടുണങ്ങിയ അട്ടപ്പാടി പച്ചപ്പിന്റെ വഴിയിലൂടെ സഞ്ചരിച്ചു തുടങ്ങിയത് പേരു കേട്ട അഹാഡ്സിന്റെ കോടികൾ ചിലവഴിച്ച പദ്ധതികളിലൂടെയാണെന്ന് തെറ്റിദ്ധരിക്കരുതേ.. അഹാഡ്സിന്റെ പരിസ്ഥിതി പുനഃസ്ഥാപന പരിപാടികൾ എത്താത്തിടത്തു പോലും നല്ല ഹരിതാവരണം രൂപം കൊണ്ടിരിക്കുന്നു. തുലാവർഷം മുറ തെറ്റാതെ അട്ടപ്പാടിയെ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. ആടുവളർത്തൽ കുറഞ്ഞു. കുഞ്ഞു നീർച്ചാലുകളും അരുവികളും ഒരുപാട് പുനർജ്ജനിച്ചിരിക്കുന്നു. പ്രകൃതി സ്വന്തം നിലയിൽ അട്ടപ്പാടിയെ ഹരിതാഭമാക്കുകയാണ്.

കേരളത്തിൽ പട്ടികജാതി വികസനത്തിന്റെ പേരിൽ ഏറ്റവുമധികം പണമൊഴുക്കിയ ഒരു പ്രദേശമാണ് അട്ടപ്പാടി. കോടികൾ ചിലവഴിച്ചത് ഇടനിലക്കാരിൽ എത്തിയെന്നല്ലാതെ ഇന്നു പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ് ഈ ജനത.

ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപവൽക്കരിച്ചപ്പോൾ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന കന്യാകുമാരി വിട്ടുകൊടുത്തതിനു പകരമായാണ് തമിഴ് ഭൂപ്രകൃതിയുള്ള മറയൂർ, ചിന്നാർ, അട്ടപ്പാടി മേഖലകൾ കേരളത്തിൽ ഉൾപ്പെടുത്തിയത്.

കാലവർഷം വന്നെത്താത്ത പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചരിവിലുള്ള 465 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള അട്ടപ്പാടി ഒരു മഴ നിഴൽ പ്രദേശമാണ്. പേരിനു മാത്രം വന്നെത്തുന്ന തുലാവർഷം മാത്രമാണ് ഏക ആശ്രയം.

ബ്രിട്ടീഷ് കാലഘട്ടത്തിലും പിന്നീടുള്ള കുടിയേറ്റ കാലത്തും അട്ടപ്പാടി മലനിരകളിലെ വനസമ്പത്താകെ കൊള്ളയടിക്കപ്പെട്ടു. രാഷ്ട്രീയ സ്വാധീനമുള്ള വൻകിടക്കാരെല്ലാം അട്ടപ്പാടിയെ കൊള്ള ചെയ്ത് സമ്പന്നരായി. അട്ടപ്പാടിയുടെ പ്രത്യേകമായ കാലാവസ്ഥയും അശാസ്ത്രീയമായ ഭൂപരിപാലനവും ചേർന്നതോടെ ഈ പ്രദേശമാകെ മരുവൽക്കരണത്തിന്റെ പാതയിലായി.

ശിരുവാണി പുഴയോരത്തെ കുന്നിൻമുകളിൽ ത്യാഗനിർഭരമായ ജീവിതത്തിലൂടെ അട്ടപ്പാടിയെ എങ്ങനെ പുനർജീവന വഴിയിലേക്ക് കൊണ്ടുവരാം എന്നതിന്റെ പ്രകൃതിദത്ത മാതൃക അവതരിപ്പിച്ചവരാണ് സാരംഗുകാർ. ഗോപാലകൃഷ്ണൻ-വിജയലക്ഷ്മി കുടുംബം അവതരിപ്പിച്ച, കോടികൾ ചിലവഴിക്കാതെയുള്ള പരിസ്ഥിതി പുനഃസ്ഥാപന പരിപാടി അട്ടപ്പാടിയെ ഹരിതാഭമാക്കാനുള്ള മാതൃകയാണ്. അതുപോലെ പ്രകൃതി സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ജീവൻ നൽകിയ കൃഷ്ണവനം മറ്റൊരു മാതൃകയാണ്. താവളം-പാലൂർ പാതയിലെ ഈ ഗ്രാമ്യവനം കോടികൾ ഒഴുക്കാതെ അട്ടപ്പാടിയെ ഹരിതാഭമാക്കാനാവും എന്നതിന്റെ നല്ല സൂചകമാണ്.

പരിസ്ഥിതിയിൽ അനാവശ്യമായ കൈ കടത്തലുകൾ ഇല്ലാതെ പ്രകൃതിക്ക് വിട്ടുകൊടുത്താൽ പ്രകൃതി സ്വയം മുറിവുണക്കി റിപ്പയർ ചെയ്തു കൊള്ളുമെന്നതിന്റെ ഉദാഹരണങ്ങളാണ് സാരംഗും കൃഷ്ണവനവും. വൻകിട പദ്ധതികൾക്കു മുമ്പിൽ മാതൃകയായി തിളങ്ങുന്ന ഇത്തരം ചെറു സംരംഭങ്ങളെ ലോകത്തിനു മുമ്പിൽ ഉയർത്തിക്കാണിക്കുകയാണ് അട്ടപ്പാടിയുടെ പുതിയ ഹരിതക്കാഴ്ചകൾ.

നിയമം

പി.പി. സുമൻ കളർകോട്

# നിശബ്ദതയുടെ നിയമം

## ഉച്ചഭാഷിണി ശബ്ദശല്യവും പരിഹാരവും

സ്വൈര്യമായി ജീവിക്കാനുള്ള അവകാശം പൗരന്റെ ഭരണഘടനാദത്തമായ മൗലികാവകാശവും മനുഷ്യാവകാശവുമാണ്. പൊതുജനാരോഗ്യത്തിനും പൊതുസമാധാനത്തിനും വിഘാതമുണ്ടാക്കുന്ന തരത്തിൽ ഉച്ചഭാഷിണി വെച്ച് ശല്യം ചെയ്യാൻ ഒരു സംഘടിത പ്രസ്ഥാനങ്ങൾക്കും അവകാശമില്ല. ഉച്ചഭാഷിണി ശബ്ദശല്യം കർശനമായി തടയുന്നതിന് ഇന്ത്യൻ പാർലമെന്റ് The noice pollution (Regulation & Control) Rules 2000 എന്ന പേരിൽ ഒരു സമഗ്രമായ നിയമം പാസ്സാക്കിയിട്ടുണ്ട്.

ഈ നിയമത്തെ ധിക്കരിച്ചു പ്രവർത്തിക്കുന്നവർക്കും സഹായിക്കുന്നവർക്കും 5 വർഷത്തെ തടവും ഒരു ലക്ഷം രൂപ പിഴയും ഈടാക്കാൻ നിയമം അനുശാസിക്കുന്നു. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഞാൻ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിയമെ കർശനമായി നടപ്പിലാക്കാൻ ഗവൺമെന്റിന് ഉത്തരവ് നൽകിക്കൊണ്ട് ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. (C.M.P. No. 54074/2002, 14, O.P. No. 18197/2001) കോടതിവിധി കർശനമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ഹോം ഡിപ്പാർട്ടുമെന്റ് മുഖാന്തിരം (No. u. 6-30380/2002, Dated 28-11-02) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് എല്ലാ ജില്ലാ മജിസ്ട്രേറ്റുമാർക്കും പോലീസ് കമ്മീഷണർമാർക്കും, എല്ലാ എസ്.പി. മാർക്കും നൽകിയിട്ടുണ്ട്. ഡി.വൈ.എസ്.പി. റാങ്കിൽ കുറഞ്ഞ ഒരു പോലീസ് ഓഫീസർമാർക്കും ഉച്ചഭാഷിണി ഉപയോഗിക്കാൻ അനുവാദം നൽകാൻ അധികാരമില്ല. ഏഴുദിവസം മുൻകൂട്ടി അപേക്ഷ നൽകിയിരിക്കണം. അൻപതു രൂപ ട്രഷറിയിൽ ചെലാൻ ഒടുക്കിയ രസീത് അപേക്ഷയോടൊപ്പം വെച്ചിരിക്കണം. ഉച്ചഭാഷിണി ഏതാവശ്യത്തിന് ഉപയോഗിക്കുന്നു എന്നും സമയവും തീയതിയും കാണിച്ചിരിക്കണം. സ്ഥിരമായി ഉപയോഗിക്കുന്നതിനുള്ള ജനറൽ പെർമിറ്റു കൊടുക്കാൻ പാടില്ല. നേരം വെളുക്കുന്നതിനു മുമ്പും രാത്രി 10 മണി കഴിഞ്ഞും ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല.

ദേവാലയങ്ങൾ, മതസ്ഥാപനങ്ങൾ, കോടതികൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവയുടെ 100 മീറ്ററിൽ പെട്ട സ്ഥലങ്ങൾ നിശബ്ദമേഖലയായതിനാൽ അവിടെ ഒരു തരത്തിൽ പെട്ട ഉച്ചഭാഷിണിയും ഉപയോഗിക്കാൻ പാടില്ല. ഗവൺമെന്റ് ഓഫീസുകളുടെ 100 മീറ്റർ ചുറ്റളവിൽ പെട്ട സ്ഥലങ്ങളിലും ഉച്ചഭാഷിണി ഉപയോഗിക്കുവാൻ പാടില്ല. ആംപ്ലിഫയറിൽ നിന്നും 300 മീറ്ററിൽ കൂടിയ അകലത്തിൽ സ്പീക്കർ വെയ്ക്കാൻ പാടില്ല. കോളാമ്പി ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല. ജനവാസകേന്ദ്രങ്ങളിൽ 55 ഡസിബിളിൽ (ഒരാൾ ഉറക്കെ സംസാരിക്കുന്ന ശബ്ദം) കൂടി ഉച്ചഭാഷിണി ഉപയോഗിക്കരുത്. ആറടിയിൽ കവിഞ്ഞ ഉയരത്തിൽ സ്പീക്കർ വെച്ചുകെട്ടാൻ പാടില്ല. പരാതി കിട്ടിയാൽ നടപടി സ്വീകരിക്കാത്ത പോലീസ് ഉദ്യോഗസ്ഥനും തുല്യ കുറ്റവാളിയായിരിക്കുമെന്നും നിയമത്തിൽ പറയുന്നു. ചുരുക്കത്തിൽ പൊതുജനങ്ങൾക്ക് ഒരുതരത്തിലും ശബ്ദശല്യമുണ്ടാക്കാൻ പാടില്ലെന്നതാണ് നിയമത്തിന്റെ ചുരുക്കം. ആരുടേയും പരാതിയില്ലാതെ തന്നെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാൻ പോലീസിന് അധികാരം നൽകിയിട്ടുണ്ട്.

*(ഭൂമിക്കാരൻ മാസിക)*

കവിത

നസീമാ സലീം

## വഴിമുള്ളുകൾ

നിന്റെ
പട്ടിണിത്തീ വേണം
എന്റെ
വേട്ടമൃഗത്തെച്ചുടാൻ.
എന്റെ
വിശുദ്ധതൃഷ്ണകൾ
നിനക്കു
താങ്ങാനുള്ള കനലാഴി...
എന്റെ വഴിയിലേക്കുള്ള
നട കയറിത്തുടങ്ങുന്നിടത്ത്
ബലിക്കല്ല്..
പാദങ്ങളാണ്
ഇത്തവണ
ദക്ഷിണ...!
കാരണം
ഞാൻ നിന്റെ ഗുരുവാണ്..
രാജവീഥി
എനിക്കുള്ളതാണ്..
എനിക്കുമാത്രം...!



### 125-ാം ലക്കം

2011 ജനുവരിയിൽ ലിറ്റിൽ മാസിക 125 ലക്കം പൂർത്തിയാക്കുമ്പോൾ, പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നു. കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, കത്തുകൾ, കാർട്ടൂണുകൾ, പഠനങ്ങൾ, കഥകൾ, കവിതകൾ....

ലിറ്റിൽ മാസികയുടെ ഈ പ്രത്യേക പതിപ്പിന്റെ ഉള്ളടക്കത്തെക്കുറിച്ച് എല്ലാവർക്കും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാം. രചനകൾ അയയ്ക്കാം.

വിവരങ്ങൾക്ക് എഴുതുക / വിളിക്കുക


*ലിറ്റിൽ മാസിക*
*ചുങ്കത്തറ പി.ഒ*
*മലപ്പുറം*
*പിൻ: 679334*
*ഫോൺ: 9946428284, 9995264564*
*ഇ-മെയിൽ:* littlemasika@gmail.com



## ആവിയന്ത്രം

എം.പി. പ്രതീഷിന്റെ 'ആവിയന്ത്രം' കവിതാ സമാഹാരം തപാലിൽ ലഭിക്കാൻ 35 രൂപ എം.ഒ. അയയ്ക്കുക.


ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ.
മലപ്പുറം
പിൻ: 679334



കാർട്ടൂൺ

## സ്കൂളോസിസ്

ഹേമന്ദ് മോർപാരിയ




വാർത്തകളിൽ

ലിമാ ന്യൂസ് ഡസ്ക്

## ഡെയ്ഞ്ചറസ് പൈനാപ്പിൾ

അമിത കീടനാശിനി ഉപയോഗം മൂലം കേരളത്തിലെ പൈനാപ്പിൾ കൃഷി ആരോഗ്യ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നതായി കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം പറയുന്നു. പലയിടത്തും റബർ കൃഷിയുടെ ഇടവിളയായി വൻതോതിൽ പൈനാപ്പിൾ കൃഷി ചെയ്യുമ്പോൾ ലാഭക്കൊതി മൂലം വൻതോതിൽ കീടനാശിനി പ്രയോഗിക്കപ്പെടുന്നു. പൈനാപ്പിൾ പറിക്കുന്ന തൊഴിലാളികൾക്ക് നഖം കൊഴിയുന്നതടക്കമുള്ള ആരോഗ്യപ്രശ്നങ്ങൾ വിഷപൈനാപ്പിൾ ഉണ്ടാക്കുന്നു. പ്രാദേശിക തൊഴിലാളികൾ ആരോഗ്യപ്രശ്നങ്ങൾ മൂലം തൊഴിലിൽ നിന്ന് പിൻവാങ്ങുന്നതിനാൽ അന്യസംസ്ഥാനക്കാരായ തൊഴിലാളികളാണ് ഇരകളാക്കപ്പെടുന്നത്. ഈഥൈഫോൺ, കാൽസ്യം കാർബണേറ്റ്, യൂറിയ എന്നിവയുടെ മിശ്രിതമാണ് പതിവ് കീടനാശിനികൾക്ക് പകരം ഉപയോഗിക്കുന്നത്.

കേരള സ്റ്റേറ്റ് ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ആർ. വി. വർമ്മ പൈനാപ്പിൾ കൃഷിയിടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യസുരക്ഷയെ കരുതി സത്വര നടപടികൾ കൈക്കൊള്ളാൻ അഭ്യർത്ഥിച്ചു കഴിഞ്ഞു. കൊലയാളി മരുന്നുകൾ മണ്ണിലും ജലാശയങ്ങളിലും കലർന്നുണ്ടാവുന്ന പരിസ്ഥിതി മാലിന്യം മണ്ണിലെയും ജലത്തിലെയും ജൈവവൈവിധ്യത്തെയും അപകടപ്പെടുത്തും എന്നും ജൈവവൈവിധ്യ ബോർഡ് മുന്നറിയിപ്പ് നൽകുന്നു.

ഇനി ആകർഷകമായ രൂപത്തിലും നിറത്തിലും പൈനാപ്പിൾ കാണുമ്പോൾ ഒന്നു ശ്രദ്ധിക്കുക: അപകടം ഇനി പൈനാപ്പിൾ രൂപത്തിലും..

**വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്, നേരിൽ**

വായനയുടെ പക്ഷം




മാസിക കിട്ടുന്നുണ്ട് പലഹാര വിൽപ്പനക്കാരെ കുറിച്ചുള്ള ലേഖനം വീണ്ടുവിചാരത്തിന് പ്രേരിപ്പിച്ചു. ട്രെയിൻ യാത്രക്കിടയിൽ ഉണ്ണിയപ്പം വിറ്റുനടന്ന സ്ത്രീയോട് രണ്ടുപായ്ക്കറ്റ് വാങ്ങികൊണ്ടുതന്നെ പുതിയ ശീലം തുടങ്ങി. ലിറ്റിൽ മാസികക്കു നന്ദി.

*ജിജി ഫിലിപ്പ്, പങ്ങാരപ്പള്ളി,*

ലിറ്റിൽ മാസിക ഓരോ ലക്കവും ചിന്തനീയം. തൂക്കണം കുരുവികൾ മടങ്ങിവരുന്നു, കൂടുകൂട്ടുന്നു എന്നൊക്കെ അറിയുന്നതുതന്നെ നഗരത്തിരക്കിനും മാലിന്യ കൂനയ്ക്കും, ദുർഗന്ധങ്ങൾക്കും അത്യാർത്തി യുടെ മരണവെപ്രാളത്തിനും കൊള്ളയ്ക്കും കൊള്ളി വെപ്പിനും ഇടയ്ക്കുള്ള ഹൃദ്യവും സ്വകാര്യവുമായ ആഹ്ലാദം തന്നെ. അല്ലെങ്കിലും നമ്മുടെ ആഹ്ലാദ വിഷാദങ്ങൾ ഇങ്ങനെയൊക്കെയുള്ള കൊച്ചു കൊച്ചു സംഗതികളിലല്ലെ? അല്ലാതെ ഷെയർ മാർക്കറ്റും, അവിടത്തെ കാള പിടുത്തത്തിലും, കരടി പിടുത്തത്തിലുമാവില്ലല്ലോ

*ശശിധരൻ കുണ്ടറ*

Little Masika

October 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# 'വിപ്ലവം പുറത്തല്ല, അകത്താണ് നടക്കേണ്ടത്..'




**'പുസ്തകം' മുൻലക്കങ്ങൾ:**

ശ്രീ നാരായണ ഗുരു
ഓഷോ
ജിദ്ദു കൃഷ്ണമൂർത്തി
എന്നിവരുടെ പതിപ്പുകൾ

**പുതിയ ലക്കം:**

മനശ്ശാസ്ത്ര പതിപ്പ്

**വരും ലക്കം:**

രമണ മഹർഷി പതിപ്പ്




ഒറിജിനലായ ദാർശനികരെയും അവരുടെ വചനങ്ങളെയും വായനക്കാർക്കു മുമ്പിൽ അവതരിപ്പിക്കുന്ന വ്യത്യസ്തമായ പ്രസിദ്ധീകരണം. സമൂഹത്തിൽ നടക്കുന്ന സംഘർഷത്തേക്കാളുപരി മനുഷ്യന്റെ ആന്തരിക ലോകത്തിലുള്ള സംഘർഷങ്ങൾക്ക് പരിഹാരം തേടുകയാണ് പ്രധാനം എന്നു ചിന്തിക്കുന്ന ഒരു പ്രസിദ്ധീകരണം.

പ്രസിദ്ധീകരണത്തിന്റെ അതിജീവനത്തിന് സമാനഹൃദയരുടെ സാമ്പത്തിക സഹായങ്ങളും പിന്തുണയും പ്രതീക്ഷിക്കുന്നു.

**ഒരു ലക്കത്തിന് 35 രൂപ**

**കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക.**

*വി.പി. ജോമോൻ,*
*എഡിറ്റർ, പുസ്തകം മാസിക, ആരാധന ലോഡ്ജ്, കണ്ണൂർ - 2*
*ഫോൺ: 9847 088 444*

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara